**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണം - സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(എം.എസ്)നം.116/2017/തസ്വഭവ തിരുവനന്തപുരം, തീയതി :20.06.2017**

വായന : (1) 14.05.2007-ലെ ജി.ഒ.(എം.എസ്)128/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

(2) 24.09.2012-ലെ സ.ഉ.(സാധാ)നം.2671/12/തസ്വഭവ

3) 29.09.2016-ലെ സ.ഉ.(എം.എസ്.)നം.139/16/തസ്വഭവ

4) 24.05.17 ലെ നം.1/എസ്.ആർ.ജി./2017 സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറുടെ കത്ത്

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ അവലോകന നിർവഹണ പ്രവർത്തനങ്ങൾക്ക് സംഘടനാപരവും സഹായകരവുമായ പിന്തുണ സംവിധാനം ഏർപ്പെടുത്തുന്നതിന് വിവിധ വികസന വകുപ്പുകളുടെ ഉദ്യോഗസ്ഥരെയും ഇതര വിഭാഗത്തിലെ വിദഗ്ദ്ധരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണെന്ന് മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. മുകളിൽ രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ച സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് പുതിയ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിരിച്ചുവിടുകയും മുകളിൽ മൂന്നാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എസ്.ആർ.ജി.യുടെ സുഗമമായ പ്രവർത്തനത്തിന് ഡയറക്ടർ ജനറൽ, ആസൂത്രണസ്ഥിതി വിവര വകുപ്പ്, ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരെക്കൂടി അംഗങ്ങളാക്കിയും സർവ്വീസിൽ നിന്ന് വിരമിച്ച പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. ഈപ്പൻ ഫ്രാൻസിസ്, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. പി.എസ്. ഷാജികുമാർ, ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്ന നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. സി. രാധാകൃഷ്ണക്കുറുപ്പ് എന്നിവർക്ക് പകരം യഥാക്രമം പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ എന്നിവരെയും ഡയറക്ടർ ജനറൽ, ആസൂത്രണ സ്ഥിതി വിവര വകുപ്പ്, ചീഫ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരെയും ഉൾപ്പെടുത്തി എസ്.ആർ.ജി. പുനസംഘടിപ്പിക്കണമെന്ന് മുകളിൽ നാലാമതായി വായിച്ച കത്ത് പ്രകാരം സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വീസിൽ നിന്ന് വിരമിച്ച പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. ഈപ്പൻ ഫ്രാൻസിസ്, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. പി.എസ്. ഷാജികുമാർ, ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്ന നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ.സി.രാധാകൃഷ്ണക്കുറുപ്പ്

എന്നിവർക്ക് പകരം ശ്രീ.എം.പി.അജിത്ത് കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്,ശ്രീ. ഡി.സാങ്കി, ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, ശ്രീ. ബി.കെ.ബാലരാജ്, ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് എന്നിവരെയും ആസൂത്രണ സ്ഥിതിവിവര വകുപ്പ് ഡയറക്ടർ ജനറൽ ശ്രീ. വി.രാമചന്ദ്രൻ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശ്രീ. പി.ആർ.സജികുമാർ എന്നിവരേയും ബന്ധപ്പെട്ട വകുപ്പുകളുടെ അംഗീകാരത്തിനു വിധേയമായി സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ. ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
ബന്ധപ്പെട്ട എല്ലാ ഓഫീസിലേയ്ക്കും (സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് മുഖേന)
ചെയർമാൻ, സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ,
ഡയറക്ടർ ജനറൽ, ആസൂത്രണ സ്ഥിതിവിവര വകുപ്പ്,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (ഡയറക്ടർ, കില, മുഖാന്തിരം)

**പകർപ്പ്** - തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ